**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5792** **08-11-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലവും കെട്ടിടവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | മാവേലിക്കര മുനിസിപ്പാലിറ്റിയിൽ ഉമ്പർനാട് ഐ.ടി.ഐ.യോട് ചേർന്ന് വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലവും കെട്ടിടവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പ്രസ്തുത സ്ഥലം വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതല്ല.ഉമ്പർനാട് ഹരിജൻ ട്രയിനിംഗ് പ്രൊഡക്ഷൻ സെന്ററിന്റെ കോമ്പൗണ്ടിൽ 17 സെന്റ് സ്ഥലത്ത് പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമ വകുപ്പ് ഡയറക്ടറുടെ അനുമതിയോടെയാണ് പട്ടിക വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി കേന്ദ്ര സർക്കാരിന്റെ പ്രത്യേക ധന സഹായ പദ്ധതി പ്രകാരം പ്രസ്തുത ഷോപ്പിംഗ് കോമ്പ്ളക്സ് കെട്ടിടം പണി കഴിപ്പിച്ചിട്ടുള്ളത് . ആലപ്പുഴ ജില്ലാ കളക്ടറുടെ അനുമതിയോടെ ആലപ്പുഴ ജില്ലാ മിനി ഇൻഡസ്ട്രിയൽ സഹകരണ സംഘം മുഖേന ഷോപ്പിംഗ്കോമ്പ്ളക്സ് കം സർവീസ് സെന്റർ SIDCO നിർമ്മിച്ച് 1987-ൽ പണി പൂർത്തിയാക്കി പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരഭകർക്ക് അനുവദിച്ചു നൽകി . |
| (ബി) | പ്രസ്തുത സ്ഥലത്തിന്റെ വിസ്തീർണ്ണവും സർവ്വേ നമ്പരും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | റവന്യു രേഖകൾ പ്രകാരം സർവ്വെ നമ്പർ 16/14-ൽ ഉൾപ്പെടുന്നു.സ്ഥല വിസ്തൃതി 35.65 ആർ ആണ് .സ്ഥലം പുറമ്പോക്കായി രേഖപ്പെടുത്തിയിരിക്കുന്നു |
| (സി) | പ്രസ്തുത കെട്ടിടങ്ങൾ ഉപയോഗശൂന്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | പ്രസ്തുത കെട്ടിടത്തിൽ 20 മുറികളുള്ളതിൽ 18 എണ്ണം ഉപയോഗ ശൂന്യമാണ്. |
| (ഡി) | പ്രസ്തുത സ്ഥലത്ത് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതും പരിഗണനയിലുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ? | (ഡി) | പുതിയ കെട്ടിട നിർമ്മാണം നിലവിൽ പരിഗണനയിലില്ല .എന്നാൽ കെട്ടിടത്തിലെ ഉപയോഗിക്കാത്ത കടമുറികൾ ഏറ്റെടുത്ത് അർഹരായ പുതിയ പട്ടിക ജാതി പട്ടിക വർഗ്ഗ സംരഭകർക്ക് റീ അലോട്ട് ചെയ്യുവുന്നതാണ് . |

സെക്ഷൻ ഓഫീസർ